പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .30

11.06.2012-ൽ മറുപടിക്ക്

# ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിലെ വിദേശ കപ്പലുകളുടെ മത്സ്യബന്ധനം

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ.എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിദേശ കപ്പലുകൾക്ക് ഇന്ത്യൻ സമുദ്രാതിർത്തികളിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | 2009-ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം (Marine Fishing Regulation Act 2009) പ്രകാരം ലൈസൻസ് ഉള്ള വിദേശകപ്പലുകൾക്ക് പുറം കടലിൽ പ്രവർത്തിക്കാനാവും. ഇന്ത്യാ ഗവൺമെന്റിന്റെ ലെറ്റർ ഓഫ് പെർമിറ്റ് (LOP) സ്കീം അനുസരിച്ച് സാങ്കേതികമേന്മയുള്ള വിദേശ നിർമ്മിത കപ്പലുകൾക്ക് ഇന്ത്യയുടെ എക്സ്ക്ലൂസീവ് എക്കോണമിക് സോൺ (EEZ) -ൽ ഓപ്പറേറ്റ് ചെയ്യാൻ അനുമതി ലഭിക്കുന്നുണ്ട്. |
| (ബി) | ഇത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാനത്തെ മത്സ്യസമ്പത്തിന്റെ ശോഷണത്തിനിടയാക്കുന്ന ഇത്തരം നടപടി പുന:പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | (സി) | കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ